(സി) പുതിയ കെട്ടിടം പണിയുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തുമോ ;

(ഡി) അടുത്ത ബഡ്ജറ്റിൽ ഇതിനുള്ള ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചുവരുന്നു.

(സി&ഡി) അടുത്ത സാമ്പത്തിക വർഷത്തിൽ വകുപ്പിനു കീഴിലെ ഐ.ടി.ഐ.-കളുടെ പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് കെട്ടിടം പണിയുന്നതിന് ഫണ്ട് വകയിരുത്തണമെന്ന ആവശ്യം പരിഗണനയിലാണ്.

പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന പുളിക്കാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി

298 (1006) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്ഷേമ വകുപ്പ് മുഖേന പുളിക്കാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

പുളിക്കാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
(1)	(2)	(3)	(4)
1.	ഭൂരഹിതർക്ക് ഭൂമി	2,13,75,000	149
2.	ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം	22,79,500	131

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
3.	ഭവന പുനരുദ്ധാരണ ധനസഹായം	18,00,000	45
4.	ടോയ്‌ലറ്റ് നിർമ്മാണം	1,01,62,500	550
5.	ചികിത്സാ ധനസഹായം	48,90,000	738
6.	സ്വയംതൊഴിൽ പദ്ധതി/സബ്‌സിഡി	10,16,820	16
7.	വിവാഹത്തിനുള്ള ധനസഹായം	78,30,000	193
8.	മിശ്ര വിവാഹ ദമ്പതി മാർക്കുള്ള ധനസഹായം	45,30,000	109
9.	100 ദിന പദ്ധതിയുടെ ഭാഗമായി 8-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്നതിനുള്ള ധനസഹായം	11,16,000	372
10.	വിജ്ഞാൻ വാടി	...	നാഡിപ്പാറ കോളനി
11.	സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം വികസന പ്രവർത്തനങ്ങൾ	65,00,000 രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്	നാഡിപ്പാറ കോളനി
		നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.	വെള്ളിക്കുളങ്ങര കോളനി

LIBRARY ARCHIVES Kerala Legislative Assembly